**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 32** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ദുരന്ത പ്രതിരോധശേഷിയുള്ള സുസ്ഥിര കേരളം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിഷ്ണു മോഹൻ ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** ദുരന്ത പ്രതിരോധ ശേഷിയുള്ള സുസ്ഥിര കേരളം സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും പ്രവർത്തനങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** ദുരന്തപ്രതിരോധ ശേഷിയുള്ള സുസ്ഥിര കേരളം സൃഷ്ടിക്കുന്നതിനായി വിവിധങ്ങളായ പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നു. വർധിച്ചു വരുന്ന കാലാവസ്ഥ മാറ്റങ്ങളെയും കേരളത്തിന്റെ ഭൂപ്രകൃതിയെയും സംയോജിപ്പിച്ചാണ് ദുരന്തലഘൂകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

1. കേരളത്തിലെ തദ്ദേശസ്ഥാപനതലത്തിലെ ദുരന്തസാധ്യതാ അപഗ്രഥനം (Hazard, Vulnerability, Risk Assessment) രണ്ടാംഘട്ടം പൂർത്തീകരിച്ചു.

2. വയനാട് ജില്ലയിലെ ദുരന്തസാധ്യതാമേഖലയിലെ ഉന്നതികളുടെ ദുരന്തലഘൂകരണപദ്ധതികൾ തയ്യാറാക്കി അവിടെയുള്ള ചെറുപ്പക്കാർക്കു ദുരന്തപ്രതികരണ പരിശീലനം നൽകി. മലപ്പുറം ജില്ലയിലെ ട്രാൻസ്ജൻഡർ സമൂഹത്തിനു ദുരന്തലഘൂകരണ പരിശീലനം നല്കി. ഇത്തരത്തിൽ സമൂഹത്തെ ആകമാനം ഉൾക്കൊള്ളുന്ന പ്രവർത്തനമാണ് കേരളം നടത്തിവരുന്നത്.

3. വയനാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി നടപ്പാക്കുന്ന മഴനിരീക്ഷണ പോർട്ടൽ, കോട്ടയം ജില്ലയിലെ സമൂഹാധിഷ്ഠിത മീനച്ചിൽ മഴ-പുഴ നിരീക്ഷണശൃംഖല, മലപ്പുറം ജില്ലയിലെ സമൂഹാധിഷ്ഠിത മഴ നിരീക്ഷണ ശൃംഖല എന്നിവ മുന്നറിയിപ്പുകളും മുന്നൊരുക്കങ്ങളും എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സാമൂഹിക ദുരന്തലഘൂകരണ മാതൃകകൾ ആണ്.

4. ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ വികേന്ദ്രീകരണമാണ് 'നമ്മൾ നമുക്കായി' എന്ന വിപുലമായ പദ്ധതിയിലൂടെ നടന്നത്. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ദുരന്തലഘൂകരണപദ്ധതി തയ്യാറാക്കുകയും ദുരന്തലഘൂകരണ മേൽനോട്ടക്കമ്മിറ്റികൾ രൂപവത്ക്കരിക്കുകയും തദ്ദേശസ്ഥാപനങ്ങളിലെ സന്നദ്ധപ്രവർത്തകരെ ഏകോപിപ്പിച്ച് എമർജൻസി റെസ്പോൺസ് ടീമുകൾ സജീകരിക്കുകയും ചെയ്തു.

5. കേരളത്തിൽ 9 തീരദേശ ജില്ലകളിൽ 17 താല്ക്കാലിക പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിച്ചു. കൂടാതെ മുന്നറിയിപ്പുകൾ എല്ലാവരിലേക്കും എത്തിക്കുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി 'കവചം' (KaWaCHaM – Kerala Warnings, Crisis and Hazard Management System) വികസിപ്പിച്ചിട്ടുണ്ട്. 126 സ്ഥലങ്ങളിൽ സൈറനുകൾ, സ്ട്രോബ് ലൈറ്റുകൾ എന്നിവ ഈ സംവിധാനത്തിന്റെ ഭാഗമാണ്.

6. ദുരന്തസാധ്യതയുണ്ട് എന്നു കാണുന്ന പ്രദേശത്തെ മൊബൈൽ ഫോണുകളിലേക്കു കേന്ദ്രീകൃതമായി ദുരന്തമുന്നറിയിപ്പു സന്ദേശങ്ങൾ ലഭ്യമാക്കുന്ന കോമൺ അലേർട്ട് പ്രോട്ടോക്കോൾ സംവിധാനം & സെൽ ബ്രോഡ് കാസ്റ്റ് അതോറിറ്റി ഉപയോഗിച്ച് വരുന്നു.

7. ദുരന്തനിവാരണ അതോറിറ്റിയുടെ സമൂഹമാധ്യമ സംവിധാനങ്ങൾ, വെബ്സൈറ്റ്, 1070, 1079, 1077 നമ്പറുകൾ എന്നിവയിൽ നിന്ന് ജനങ്ങൾ അറിയേണ്ട വിവരങ്ങൾ സ്വീകരിക്കേണ്ട മുന്നൊരുക്ക നടപടികൾ എന്നിവ വിശദമായി ദൈനംദിനം നല്കിവരുന്നു.

8. സംസ്ഥാനത്തെ ഡാമുകളിലെ ജലനിരപ്പ് ക്രമീകരിക്കാൻ രൂപവത്ക്കരിച്ചിട്ടുള്ള റൂൾ കർവ് മോണിറ്ററിങ് കമ്മിറ്റി യോഗങ്ങൾ ചേർന്ന് നദികളിലേയും അണക്കെട്ടുകളിലേയും പ്രളയസാധ്യത പരിഗണിച്ച് സസൂക്ഷ്മം ജലനിരപ്പു ക്രമീകരിച്ചുവരുന്നു.

9. യുഎൻഇപി, യുഎൻ ഗ്രിഡ്, ച്വിമ ഫൗണ്ടേഷൻ ഇറ്റലി എന്നിവരുടെ സഹായത്തോടെ പ്രളയ സാധ്യത സൂക്ഷ്മഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് 10-വർഷ, 25-വർഷ, 50-വർഷ , 100-വർഷ, 200-വർഷ, 500-വർഷ പ്രളയാവർത്തനസാധ്യത കണക്കാക്കി, അത്തരം പ്രദേശങ്ങൾക്കാണു തയ്യാറാക്കിയിട്ടുള്ളത്.

10. സ്കൂൾ ദുരന്തനിവാരണ പ്ലാനുകൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും യൂണിസെഫും സംയുക്തമായി വികസിപ്പിച്ച 'ഉസ്കൂൾ' ആപ്പ്. സുരക്ഷാ അവബോധം വളർത്താനും സ്കൂളുകളിലെയും ജീവിക്കുന്ന പ്രദേശത്തെയും ദുരന്തസാധ്യതകൾ മനസിലാക്കി അവ ദൂരീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കാനുമായി സ്കൂൾ ദുരന്തനിവാരണ ക്ലബുകൾ രൂപികരിച്ചു.

11. കണ്ണൂർ ജില്ലയിൽ കണിച്ചാർ ഗ്രാമ പഞ്ചായത്തിനെ ഉരുൾപൊട്ടൽ തീവ്രമായി ബാധിച്ചത് പരിഗണിച്ച് "ലിവിങ് ലാബ്" എന്ന പദ്ധതിയിൽ ഒരു റെസിലിയൻസ് സെന്റർ സ്ഥാപിച്ചു. പ്രസ്തുത ഗ്രാമ പഞ്ചായത്തിനെ ദുരന്ത പ്രതിരോധ ശേഷി ഉള്ളതും, കാലാവസ്ഥാ വ്യതിയാന അതിജീവന ശേഷി ഉള്ളതും ആക്കുക എന്നതാണ് ലക്ഷ്യം.

12. ജിയോളൊജിക്കൽ സർവേ ഓഫ് ഇന്ത്യയുമായി സഹകരിച്ച് വയനാട്, ഇടുക്കി, കോഴിക്കോട് ജില്ലകളിൽ ഉരുൾപൊട്ടൽ പ്രവചന സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ ആരംഭിച്ചു.

13. കേരള ഡെവലപ്മെൻറ് ആന്റ് ഇന്നവേഷൻ കൌൺസിൽ, ഐ.ഐ.റ്റി റൂർക്കീ, കെ.എസ്.ഡി.എം.എ എന്നീ സ്ഥാപനങ്ങൾ ചേർന്ന് കണ്ണൂരിൽ കണിച്ചാർ ഗ്രാമ പഞ്ചായത്തിൽ ഉരുൾപൊട്ടൽ പ്രവചന സാങ്കേതിക വിദ്യ പരീക്ഷണാർത്ഥം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

14. കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയുടെ സഹായത്തോടെയുള്ള ആപതാ മിത്ര പദ്ധതി പ്രകാരം 4500 സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിച്ച് ദുരന്തപ്രതികരണത്തിന് സജ്ജരാക്കി.

15. സിവിൽ ഡിഫൻസ്: കേരളം മൊത്തത്തിൽ സിവിൽ ഡിഫൻസ് സംസ്ഥാനമായി പ്രഖ്യാപിച്ചു. നിലവിൽ പരിശീലനം സിദ്ധിച്ച 15,000 സന്നദ്ധ പ്രവർത്തകർ 128 ഫയർ സ്റ്റേഷനുകളുമായി ചേർന്നു പ്രവർത്തിക്കുന്നു.

16. സാമൂഹിക സന്നദ്ധ സേന: കേരളത്തിൽ ശരാശരി 100 വ്യക്തികൾക്ക് ഒരു സന്നദ്ധപ്രവർത്തക/ൻ എന്ന നിലയിൽ 3.4 ലക്ഷം പേരുള്ള സാമൂഹിക സന്നദ്ധ സേന പ്രവർത്തിക്കുന്നു.

17. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ യുവാക്കളെയും വിദ്യാർത്ഥികളെയും പ്രാപ്തരാക്കാൻ യുവ ആപദമിത്ര പദ്ധതിയിലൂടെ 11,800 വളന്റിയർമാർക്കുള്ള പരിശീലനം പുരോഗമിക്കുന്നു.

18. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും IIT റോപ്പാറുമായി ചേർന്ന് കേരളത്തിലെ തിരഞ്ഞെടുത്ത 51 സ്കൂളുകളിൽ മഴമാപിനികൾ സ്ഥാപിച്ചു.

19. സ്കൂൾ, സർക്കാർ ഓഫീസ്, ഗ്രാമ പഞ്ചായത്ത് എന്നിവ കേന്ദ്രീകരിച്ച് എല്ലാ വർഷവും മോക്ക് ഡ്രില്ലുകൾ സംഘടിപ്പിക്കുന്നു.

20. ദുരന്തനിവാരണ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ആൾക്കൂട്ട അപകടങ്ങൾ ഒഴിവാക്കുന്നതിനായുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

**(ബി)** ദുരന്ത നിവാരണ മുന്നറിയിപ്പ് സംവിധാനങ്ങൾ ആധുനികവത്കരിക്കുന്നതിനും സ്ഥലാധിഷ്ഠിത അലർട്ട് സംവിധാനം വ്യാപിപ്പിക്കുന്നതിനും തീരദേശ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** ദുരന്ത നിവാരണ മുന്നറിയിപ്പ് സംവിധാനങ്ങൾ നിലവിൽ തീരദേശമേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. കവചം സംവിധാനത്തിന്റെ ഭാഗമായുള്ള മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായുള്ള സൈറണുകളും സ്ട്രോബ് ലൈറ്റുകളും തീരദേശമേഖലകളിൽ ഉണ്ട്. മൊബൈൽ ഫോണുകളിലേക്കു കേന്ദ്രീകൃതമായി ദുരന്തമുന്നറിയിപ്പുസന്ദേശങ്ങൾ ലഭ്യമാക്കുന്ന കോമൺ അലേർട്ട് പ്രോട്ടോക്കോൾ സംവിധാനം & സെൽ ബ്രോഡ് കാസ്റ്റ് ഉപയോഗിച്ച് തീരദേശ മേഖലകളിലെ ദുരന്തസാധ്യത സമയങ്ങളിലും മുന്നറിയിപ്പ് സമയങ്ങളിലും തീരദേശ ജനങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകാറുണ്ട്.

**സെക്ഷൻ ഓഫീസർ**